# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 421 — 29.11.2018 ൽ മറുപടിക്ക്.

## ജി.എസ്.ടി മൂലം നികുതി വരുമാനത്തിലുണ്ടായ കുറവ്

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ; | (എ) | ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5% മോ അതിനുമുകളിലോ നികുതി വിധേയമായ ചരക്കുകളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ സംസ്ഥാന നികുതി വിഹിതം ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിവർദ്ധനവ് സാധ്യമാകാത്തതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേണുകളിൽ ലഭ്യമാകുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നികുതി വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം കേന്ദ്ര സർക്കാർ നികത്തുന്ന സാഹചര്യത്തിൽ ഇതിനകം എത്ര കോടി രൂപ കോമ്പൻസേഷൻ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് നികത്തുന്നതിനായി ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് അനുസരിച്ച് കേന്ദ്രം ഇതിനകം 3982/- കോടി രൂപ കോമ്പൻസേഷൻ ആയി നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇന്ററിം അഡ്-ഹോക്ക് അഡ്വാൻസ് സെറ്റിൽമെന്റായി 2,671/- കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഈ അഡ്-ഹോക്ക് അഡ്വാൻസ് സെറ്റിൽമെന്റ് കോമ്പൻസേഷൻ തുകയിൽ തട്ടിക്കഴിക്കുകയാണ് ചെയ്യുന്നത്. |
| (സി) | ജി.എസ്.ടി കൗൺസിലിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അതിൽ ഏതൊക്കെ നിർദ്ദേശങ്ങൾ കൗൺസിൽ അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | ചെറുകിടവ്യാപാരമേഖലയ്ക്ക് സഹായകരമാകത്തക്ക രീതിയിൽ കോമ്പോസിഷൻ പരിധി ഒരു കോടിയായി ഉയർത്തുന്നതിൽ കേരളം പ്രധാന പങ്ക് വഹിച്ചു. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിനു കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഇതിലൂടെ അന്യസംസ്ഥാനലോട്ടറി ഒരുപരിധി വരെ അനാകർഷകമാക്കാൻ കഴിഞ്ഞു. ആന്റിപ്രോഫിറ്റിയറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തി. ചരക്കുനീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കോമേഴ്സ് മേഖലയിലെ നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത തത്വം അനുസരിച്ച് നികുതിപിരിവ് ഉറപ്പാക്കുന്നതിനായി ജി.എസ്.ടി നിയമത്തിൽ ടി.സി.എസ് (Tax Collection at Source) കൊണ്ടുവരാൻ കഴിഞ്ഞു. ഗവൺമെന്റ് വർക്ക്സ് കോൺട്രാക്ടുകൾക്ക് നികുതി 18% ൽ നിന്ന് 12% ആയി കുറച്ചു. 70% ന് മുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5% |

| | | | |
|---|---|---|---|
| | | | ആയി കുറച്ചു. അൺബ്രാൻഡഡ് ആയ ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12% ൽ നിന്ന് 6% ആക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്ന് 5% ഉം പേപ്പർ വേസ്റ്റിന് 12% ൽ നിന്ന് 5% ആയും കുറച്ചു. റബ്ബർ മേഖലയിൽ റബ്ബർബാൻഡിന് 28%ൽ നിന്ന് 12% ആയും റബ്ബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്ന് 5% ആയും ഹാർഡ്റബ്ബർ വേസ്റ്റിന് 28% ൽ നിന്ന് 5% ആയും റബ്ബർ റോളറിന്റെ നികുതി നിരക്ക് 18% ൽ നിന്ന് 12% ആയും കുറച്ചു. പ്രവാസികൾ ഗിഫ്റ്റ് ആയി അയയ്ക്കുന്ന 5000/- രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എസ്.ടി ഒഴിവാക്കി. ഖാദിമേഖലയിൽ ഖാദികമ്മീഷൻ സ്റ്റോറുകൾ വഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ കോമ്പോണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരുകയും നികുതിനിരക്ക് 5% ആയി കുറയ്ക്കുകയും ചെയ്തു. ചെറുകിടമേഖലയിൽ കവറുകളിൽ വിൽക്കുന്ന സെമികുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതിനിരക്ക് 5% ആയി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ്ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതിനിരക്ക് 28% ൽ നിന്ന് 5% ആയി കുറച്ചു. |
| (ഡി) | ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിൽ നികുതി ഈടാക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ ഇതിൽ നിന്നും സംസ്ഥാനത്തിന് ഭാവിയിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിശദീകരിക്കുമോ; | (ഡി) | ജി.എസ്.ടി നടപ്പിലാകുന്നതിനു മുമ്പ് ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സർവ്വീസ് മേഖലകളിൽ സർവീസ് ടാക്സ് ലഭ്യമായിരുന്നത് അവർ രജിസ്ട്രേഷൻ എടുത്ത സംസ്ഥാനത്തായിരുന്നു. സേവനനികുതി ഉക കേന്ദ്രസർക്കാർ വസൂലാക്കിയിരുന്നതിനാൽ ആ സമയത്ത് സംസ്ഥാനങ്ങൾക്ക് ഇതൊരു വിഷയമായിരുന്നില്ല. എന്നാൽ, ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് നികുതിപിരിവ് പ്രാപ്യാധിഷ്ഠിതമായതിനാൽ പിരിക്കുന്ന നികുതിയുടെ 50% അത്തരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നു. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം സേവനമേഖലകൾ ഒരു പ്രധാന വരുമാന |

| | | | |
|---|---|---|---|
| | | | സ്രോതസ്സാണ്. ഏറ്റവുമധികം വളർച്ച കാണിക്കുന്ന ഇത്തരം സേവനമേഖലകളിൽ നിന്നുള്ള നികുതിവരുമാനം ഭാവിയിൽ സംസ്ഥാനത്തിന് ഗണ്യമായ നേട്ടമുണ്ടാക്കുമെന്നാണ് കരുതുന്നത്. |
| (ഇ) | ഇ-കൊമേഴ്സ് വ്യാപാരം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിൽ നിന്നുള്ള നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമായതിനാൽ ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വാങ്ങൽ എന്നിവയിൽ നിന്നുള്ള നികുതിവരുമാനവും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. 2018 ഒക്ടോബർ 1 മുതൽ ടി.സി.എസ് നടപ്പിൽ വന്നതിനാൽ കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഇത്തരം വ്യാപാരങ്ങളുടെ നികുതി യഥാസമയം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്ന സാഹചര്യം ഉണ്ട്. റിട്ടേണുകൾ വിശദാംശങ്ങളോടും കൂടി ഇതുവരെയും ഫയൽ ചെയ്യപ്പെട്ടുതുടങ്ങിയിട്ടില്ലാത്തതിനാൽ ഈ മേഖലകളിൽ നിന്നുമുള്ള നികുതി വരുമാനത്തിന്റെ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ